**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3543** 20.10.2016 -ൽ **മറുപടിക്ക്**

**തീരദേശ ഹൈവേയുടെ അലൈൻമെന്റ്**

**ചോദ്യം**

**ശ്രീ.ജോൺ ഫെർണാണ്ടസ്**
**ശ്രീമതി യു. പ്രതിഭ ഹരി**
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**,, ബി.സത്യൻ**

(എ) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിന് അന്തിമരൂപം നൽകുന്നതിന് മുമ്പ് ഇതു സംബന്ധിച്ച് ജനപ്രതിനിധികളുടെയും പൊതുജന ങ്ങളുടെയും അഭിപ്രായം ആരായു ന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത തീരദേശ ഹൈവേ പ്രാവർത്തികമാകുമ്പോൾ കൊച്ചി അഴിമുഖത്തെ ഇരുകരകൾ തമ്മിൽ എങ്ങനെ ബന്ധിപ്പിക്കാനാണ് ഉദ്ദേശി ക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി മേൽപ്പാലം അല്ലെങ്കിൽ അഴിമുഖത്തിനടിയിലൂടെ ഭൂഗർഭപാത എന്ന നിർദ്ദേശം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) & (ബി) & (സി) തീരദേശ ഹൈവേയുടെ പഠനത്തിനായി NATPAC നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. NATPAC ന്റെ വിശദമായ പഠനത്തിനു ശേഷമേ ഏതൊക്കെ റോഡുകളാണ് ഇതുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാനാവുന്നതെന്നും ഏതൊക്കെ പ്രദേശങ്ങളിൽ കൂടി കടന്നു പോകുന്നു എന്നും നിശ്ചയിക്കുവാൻ കഴിയുകയു. ഇതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ വേണ്ടി പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ കൺവീനറുമായി ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൊച്ചി അഴിമുഖത്തെ ഇരുകരകളേയും തമ്മിൽ ബന്ധിപ്പിക്കുന്നതു സംബന്ധിച്ച് ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ ശേഷമായിരിക്കും അലൈൻമെന്റിന് അന്തിമ രൂപം നൽകുന്നത്.

**സെക്ഷൻ ഓഫീസർ**